**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 248** **11-03-2025 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സേവന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സേവന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന് കീഴിലുള്ള **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്,** കേരള **ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി -ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാകാവുന്നതാണ്.** ടി ക്ഷേമനിധി ബോർഡുകൾ മുഖേന പദ്ധതി വ്യവസ്ഥകൾ പ്രകാരം അർഹതയ്ക്കനുസരിച്ച് അംഗങ്ങൾക്ക് വിവാഹധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സ ധനസഹായം, പ്രസവാനുകൂല്യം, കുടുംബ പെൻഷൻ, അവശത പെൻഷൻ, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഗൃഹനിർമ്മാണത്തിന് സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡ് എന്നിവയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് |

| | | | |
|---|---|---|---|
| | | | ഗൃഹനിർമ്മാണത്തിന് സഹായം നൽകുന്നതിന് പദ്ധതി വ്യവസ്ഥ ഉണ്ട്.<br><br>2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരം പദ്ധതിയിൽ 10 വർഷത്തിൽ കൂടുതൽ അംശദായം ഒടുക്കുന്ന അംഗങ്ങൾക്ക് ഗൃഹനിർമ്മാണത്തിന് മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശ രഹിത വായ്പ അനുവദിക്കുന്നുണ്ട്.<br><br>1995-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അധ്യായം 8-ൽ ഖണ്ഡിക 29 പ്രകാരം അംഗത്തിന്റെ അപേക്ഷയിന്മേൽ, അയാളുടെ 12 മാസത്തെ വേതനത്തിൽ കവിയാത്ത തുകയോ ആയാളുടെ ക്രെഡിറ്റിലുള്ള അംശദായ വിഹിതമോ ഇതിൽ ഏതാണോ കുറവ് ആ തുക മുൻകൂറായി ഗൃഹനിർമ്മാണത്തിന് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>1996-ലെ കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ പദ്ധതിയിൽ 5 വർഷത്തെ സജീവ അംഗ ത്വമുള്ളവരും 45 വയസ്സ് പൂർത്തിയാകാത്ത വരുമായ തൊഴിലാളികൾക്ക് സ്വന്തമായി വീട് പണിയുന്നതിന് രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ 50,000/രൂപ വരെ വായ്പ ലഭിക്കും. |
| (സി) | സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (സി) | സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവധനസഹായ പദ്ധതി-2012 എന്ന പദ്ധതി നിലവിലുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്,** കേരള **ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി** |

| | | | |
|---|---|---|---|
| | | | **ബോർഡുകളിൽ** അർഹരായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവധനസഹായം വിതരണം ചെയ്യുന്നു. |
| (ഡി) | തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ പുരോഗതി വിശദമാക്കാമോ? | (ഡി) | തൊഴിൽ വകുപ്പിന് കീഴിലുള്ള **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്,** കേരള **ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്** എന്നീ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാകുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് ടി ബോർഡുകൾ മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ